(ബി) പരിശോധിച്ചു വരുന്നു.

(സി)&(ഡി) പി.എച്ച്.സി. ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനമായ ശേഷം ഇക്കാര്യം ആരോഗ്യം ആക്കാവുന്നതാണ്.

നബാർഡിന്റെയും എൻ.ആർ.എച്ച്.എം.ന്റെയും സഹായത്തോടെയുള്ള ആശുപത്രി കെട്ടിട നിർമ്മാണം

12 (6162) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെയും എൻ.ആർ. എച്ച്.എം. ന്റെയും സഹായത്തോടെ ആശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികൾക്ക് ഏത് രൂപത്തിലുള്ള കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ആകെ എത്ര രൂപ ഈ ഇനത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികൾക്ക് കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി 1640 ലക്ഷം രൂപയും തിരുവനന്തപുരം മെഡിക്കൽകോളേജ്, കാമ്പസിൽ സ്ഥിതി ചെയ്യുന്ന ചൈൽഡ് ഡവലപ്മെന്റ് സെന്ററിന് 360 ലക്ഷം രൂപയും 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നബാർഡ് പദ്ധതി പ്രകാരം ആശുപത്രി കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനവും ചൈൽഡ് ഡവലപ്മെന്റ് സെന്ററിൽ ജനിറ്റിക് & മെറ്റബോളിക് ലാബും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നബാർഡ് പദ്ധതികളുടെ മേൽനോട്ടം മാത്രമാണ് NRHM നിർവ്വഹിക്കുന്നത്.

(ബി) നടപ്പ് സാമ്പത്തിക വർഷം ആരോഗ്യ മേഖലയ്ക്ക് 45 കോടി രൂപയ്ക്കുള്ള ധനസഹായം നബാർഡ്-ആർ.ഐ.ഡി.എഫ് XVI-ൽ നിന്ന് തേടുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം നടപ്പ് വർഷത്തെ ബഡ്ജറ്റിൽ നബാർഡ് ലോണിനായി ഉൾപ്പെടുത്തിയിട്ടുള്ള പണികൾ ഉൾപ്പെടെ 49 ആശുപത്രികളുടെ നവീകരണ/നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നബാർഡ്-ആർ.ഐ.ഡി.എഫ്-X ൽ ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിന്റെ സമഗ്രമായ ചൈൽഡ് ഡവലപ്മെന്റ് സെന്ററിന് 826.64 ലക്ഷം രൂപയും ആർ.ഐ.ഡി.എഫ് XII-ൽ ഉൾപ്പെടുത്തി ആലപ്പുഴ മെഡിക്കൽ കോളേജിന് 2164.31 ലക്ഷം രൂപയും തൃശൂർ മെഡിക്കൽ കോളേജിന് 10 ലക്ഷം രൂപയും കോട്ടയം മെഡിക്കൽ കോളേജിന് 1657.37 ലക്ഷം രൂപയും ധനസഹായമായി ഇതിനകം ലഭിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് XV- ൽ ഉൾപ്പെടുത്തി (2009-10-ൽ) കോട്ടയം ഡെന്റൽ കോളേജിൽ അക്കാഡമിക് ബ്ലോക്ക് പണിയുന്നതിന് 725.25 ലക്ഷം രൂപ ആലപ്പുഴ മെഡിക്കൽ കോളേജിൽ മെൻസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 650.25 ലക്ഷം രൂപ എന്നിവയുടെ എസ്റ്റിമേറ്റ് നബാർഡ് അംഗീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ 85% തുകയാണ് നബാർഡ് ലോൺ അനുവദിക്കുന്നത്.

ആശുപത്രികളുടെ കെട്ടിട നിർമ്മാണം

13 (6163) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്തെ പൊതുആരോഗ്യ മേഖലയുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ ഇപ്പോൾ എത്ര ആശുപത്രികളുടെ കെട്ടിട നിർമ്മാണങ്ങളാണ് നടത്തിവരുന്നത് ;

(ബി) ഓരോ ആശുപത്രി കെട്ടിടങ്ങളുടെയും നിർമ്മാണ പ്രവർത്തനം എന്നാണ് ആരംഭിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതൊക്കെ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കുമോ ;

(ഡി) വിവിധ ഘട്ടങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന ഈ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ വർഷം എത്ര കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളത് ;

(ഇ) ഈ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) - (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എറണാകുളം ഡി.എം.ഒ. ഓഫീസ് കെട്ടിടം

14 (6164) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഡി. എം. ഒ ഓഫീസ് സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly